LIBRARY ARCHIVES Kerala Legislative Assembly

ഹോട്ടലുകളിലെ ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരവും നിയന്ത്രണവും

297 (1354) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹോട്ടലുകളിലെ ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരം പരിശോധിക്കാനും ഭക്ഷ്യവസ്തുക്കളുടെ വില നിയന്ത്രിക്കാനും ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഹോട്ടലുകളിലെ ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരം പരിശോധിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. ഹോട്ടലുകളിലെ ഭക്ഷണ സാധനങ്ങളുടെ വില നിയന്ത്രിക്കുന്നതിനുള്ള നിയമനിർമ്മാണം വിവിധ വകുപ്പുകളുമായി ബന്ധപ്പെട്ട് പരിശോധനയിലാണ്.

(ബി) ഗുണനിലവാരം പരിശോധിക്കുന്നതിനുവേണ്ടി സാമ്പിളുകൾ ശേഖരിച്ച് ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ ഫുഡ് ടെസ്റ്റിംഗ് ലാബുകളിലേക്ക് അയയ്ക്കുന്നതിനുവേണ്ടി എല്ലാ നിയോജക മണ്ഡലങ്ങളിലെയും ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥൻമാർക്ക് നിർദ്ദേശം നല്കുകയും അതനുസരിച്ച് അവർ പ്രവർത്തിച്ചുവരികയും ചെയ്യുന്നു. ഹോട്ടൽ റസ്റ്റോറന്റുകളിലും ഭക്ഷ്യ സുരക്ഷാ ഗുണനിലവാരം ശക്തമായി നടപ്പിലാക്കുന്നതിനുവേണ്ടി 30 ഇന നിർദ്ദേശങ്ങൾ ഭക്ഷ്യസുരക്ഷാ കമ്മീഷണർ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതു പാലിക്കാത്ത ഹോട്ടൽ റസ്റ്റോറന്റുകൾക്കെതിരെ നിയമ നടപടികൾ സ്വീകരിച്ചുവരുന്നു.

മിഷൻ 676-ഉം ഭക്ഷ്യ-പൊതുവിതരണ വകുപ്പും

298 (1355) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യ-പൊതുവിതരണ വകുപ്പിൻ കീഴിൽ മിഷൻ 676-ൽ ഉൾപ്പെടുത്തിയ പദ്ധതികൾ ഏതെല്ലാമാണ്;

(ബി) ഇവ ഓരോന്നിനും എത്ര തുക വീതം നീക്കിവച്ചിട്ടുണ്ട്; ബഡ്ജറ്റ് വിഹിതത്തിന് പുറമേയാണോ ഇത്;

(സി) എല്ലാ പദ്ധതികളുടെയും പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; പണി പൂർത്തിയാക്കിയ ഏതെങ്കിലും പദ്ധതിയുണ്ടോ; ഇതുവരെ പണി ആരംഭിച്ചിട്ടില്ലാത്ത പദ്ധതികൾ ഏതെല്ലാം?